LIBRARY ARCHIVES Kerala Legislative Assembly

ചെറവണ്ണൂർ മേഖലകളിലും പണി പുനരാരംഭിക്കുന്നതോടെ വിതരണ ശൃംഖല പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കുടിവെള്ള വിതരണം**

198(899) ശ്രീ. എം. ചന്ദ്രൻ :

ശ്രീ. പി. കെ. ഉണ്ണിദാസൻ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം വാട്ടർ അതോറിറ്റിക്ക് പുതിയ പദ്ധതികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്താൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തൊക്കെ കാരണങ്ങളാണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം അധികമായി ഏർപ്പെടുത്തിയ ജലസേചനശേഷി എത്ര; ഏതൊക്കെ പദ്ധതികൾ വഴിയെന്നും അറിയിക്കാമോ;

(സി) വരൾച്ച പ്രതിരോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നെന്ന് വിശദമാക്കാമോ; പദ്ധതി വിഹിതത്തിന്റെ വിനിയോഗം ഫലപ്രദമാണോ; ഇല്ലെങ്കിൽ കാരണങ്ങൾ എന്തൊക്കെയാണ്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം അധികമായി 794.28 mld ജലവിതരണശേഷി ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വരൾച്ച പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സ്രോതസ്സ് വിപുലീകരണം, താൽക്കാലിക തടയണകൾ നിർമ്മിച്ച് ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേയ്ക്ക് പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കൽ, പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കൽ, പമ്പിംഗ് സമയം കൂട്ടുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിക്ക് അനുവദിച്ച തുകകൾ കാലതാമസം കൂടാതെ വിനിയോഗിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.